**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി.11.10.2023

# "പിഴ ഒടുക്കുന്നതിന് കൈക്കൂലി:- പഞ്ചായത്ത് ഹെഡ് ക്ലാർക്ക് വിജിലൻസ് പിടിയിൽ"

മലപ്പുറം ജില്ലയിലെ പുളിക്കൽ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് സുഭാഷ് കുമാർ 5,000/- രൂപ കൈക്കൂലി വാങ്ങവെ ഇന്ന് (11/10/2023) വിജിലൻസ് പിടിയിലായി.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സ്വദേശിയും പ്രവാസിയുമായ പരാതിക്കാരൻ കെട്ടിട നിർമ്മാണ പെർമിറ്റ് വാങ്ങാതെ നിർമ്മാണം പൂർത്തീകരിച്ച വീടിന് പഞ്ചായത്ത് അധികൃതർ 52,000/- രൂപ പിഴ വിധിച്ചിരുന്നു. പ്രവാസിയായ പരാതിക്കാരൻ അവധിക്ക്ശേഷം തിരികെ പോകേണ്ടതിനാൽ പിഴ ഒടുക്കുന്നതിന് ഹെഡ് ക്ലർക്കിനെ കണ്ടപ്പോൾ 5,000/- രൂപ കൈക്കൂലി ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈവിവരം മലപ്പുറം വിജിലൻസ് ഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ഫിറോസ്. എം. ഷഫീഖിനെ അറിയിച്ചു, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം ഇന്ന് (11/10/2023) ഉച്ചയോടെ ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും 5,000/- രൂപ കൈക്കൂലി വാങ്ങവെ സുഭാഷ് കുമാറിനെ കയ്യോടെ പിടികൂടി.

അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പിയെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. ഗിരീഷ് കുമാർ, ശ്രീ. സ്റ്റെപ്റ്റോ ജോൺ സബ് ഇൻസ്പെക്ടർമാരായ ശ്രീനിവാസൻ, മോഹന കൃഷ്ണൻ, ഷിഹാബ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ഹനീഫ, സലിം സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ വിജയകുമാർ, രാജീവ്, ജിറ്റ്സ്

സിവിൽ പോലീസ് ഓഫീസർമാരായ സുബിൻ, അഭിജിത് എന്നിവർ ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിൻറെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ വിനോദ്കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.